2077
4/9/18

File No.FWLD-A1/36/2018-FWLD

കേരള സർക്കാർ

<u>സംഗ്രഹം</u>

ഇടുക്കിജില്ല-കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ വ്യാജപട്ടയങ്ങൾ ഉപയോഗിച്ച് സ്ഥലം കൈവശം വയ്ക്കുകയും അനധികൃതമായി മരംമുറി നടത്തുകയും ചെയ്യുന്നു എന്ന ആരോപണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.371/2018/വനം തീയതി, തിരുവനന്തപുരം, 08/08/2018

---

പരാമർശം:-
(1) 25.04.2014 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ എച്ച് എഫ്1/2014 നമ്പർ കത്ത്
(2) 22.04.2014 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി9-15716/2014 നമ്പർ ഉത്തരവ്
(3) 28.04.2014 ലെ ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി9-15716/2014 നമ്പർ ഉത്തരവ്
(4) 05.05.2014 ലെ സ.ഉ.(സാധാ) നം.197/2014/വനം ഉത്തരവ്
(5) 30.03.2015 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി9-15716/2014 നമ്പർ ഉത്തരവ്
(6) 31.03.2015 ലെ 623/എ2/2015/വനം നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
(7) 26.08.2015 ലെ സ.ഉ.(സാധാ)നം.397/2015/വനം നമ്പർ ഉത്തരവ്
(8) 02.09.2015 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി9-15716/2014 നമ്പർ ഉത്തരവ്

(9) 04.09.2015 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ബി9-15716/2014 നമ്പർ ഉത്തരവ്

(10) 17.10.2015ലെ ഭരണ വിഭാഗം അഡീഷണൽ പ്രൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ബി9-15716/2014 നമ്പർ ഉത്തരവ്

(11) 02.02.2016 ലെ 5349/എ1/2014 നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും

(12) 15.05.2015 തീയതിയായി ശ്രീ.അഗസ്റ്റിൻ ജോസഫ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട), 28.04.2016 തീയതിയായി ശ്രീ.പി.യു.സാജു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, 18.04.2016 തീയതിയായി ശ്രീ.കെ.എൻ.സഹദേവൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ 25.05.2016 തീയതിയായി ശ്രീ.എം.പി.പ്രസാദ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, 20.6.2016 തീയതിയായി ശ്രീ.സനിൽ കുമാർ.ടി, റേഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർ സമർപ്പിച്ച പ്രതിവാദ പത്രികകൾ

(13) 01.08.2017-ലെ സ.ഉ.(സാധാ.) നം. 289/17/വനം.

(14) 27.10.2017-ലെ സ.ഉ.(സാധാ.) നം. 407/17/വനം.

(15) 13.03.2018-ലെ സ.ഉ.(സാധാ.) നം. 121/18/വനം.

(16) 19.04.2018-ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി9-15716/14 നമ്പർ കത്ത്.

## ഉത്തരവ്

വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 18(1) പ്രകാരം വന്യജീവി സംരക്ഷണ കേന്ദ്രമായി 06.10.2006-ൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഇടുക്കി ജില്ലയിലെ കറിഞ്ഞിമല വന്യമൃഗ സങ്കേതത്തിൽ ഉൾപ്പെട്ട ഏകദേശം 3200 ഹെക്ടർ സ്ഥലത്തിൽ വിജ്ഞാപനത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയ പട്ടയഭൂമിയിലെ അവകാശങ്ങൾ തീർപ്പ്കൽപ്പിക്കുന്നതിനായി സെറ്റിൽമെന്റ് ഓഫീസറായി ദേവികുളം സബ്കളക്ടറെ നിയോഗിച്ചെങ്കിലും പട്ടയഭൂമി സർവ്വെ ചെയ്ത് അതിർത്തി നിർണ്ണയം നടത്താത്തതുമൂലം അവകാശങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള അപേക്ഷ തീർപ്പ്കൽപ്പിക്കാനും, പട്ടയഭൂമി ഫീൽഡിൽ കണ്ടെത്താനും സാധിച്ചിട്ടില്ല. ചെന്നിലത്ത് പുത്തൻപുരയിൽ ശ്രീ.യാക്കോബ്, മൂലേക്കുന്നിൽ വീട്ടിൽ ശ്രീമതി.ഫിലോമിന എന്നിവർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 5257/2011-ലെ 22.02.2011 വിധിയിൽ പട്ടയ വസ്തു ഉടമസ്ഥർ യൂക്കാലി മരങ്ങൾ മുറിക്കുന്നതിനായി റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ നൽകാനും ആയത് റവന്യൂ ഡിവിഷണൽ ഓഫീസർ പരിശോധിച്ച് പട്ടയഭൂമിയാണെന്ന് ബോധ്യപ്പെട്ടാൽ മരംമുറിക്കാൻ അനുമതി നൽകാനും

ഉത്തരവായിരുന്നു. ഈ വിധിന്യായത്തിന്റെ മറവിൽ 2013-ൽ നൽകിയ അപേക്ഷകളിൽ പട്ടയവസ്തുക്കളിൽ നിന്നും യൂക്കാലി മരങ്ങൾ മുറിച്ചുമാറ്റുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ, ദേവികുളം ഉത്തരവായിരുന്നു.

2) പ്രസ്തുത അനുമതിയിൽ പറയുന്ന പട്ടയഭൂമികൾ ഏതെന്ന് തിരിച്ചറിയാൻ വ്യക്തമായ രേഖകൾ ഇല്ലെന്നിരിക്കെ സർക്കാർ താൽപ്പര്യം പൂർണ്ണമായും ബലികഴിച്ച് മരങ്ങൾ മുറിച്ച് മാറ്റുവാൻ ടി സാങ്ചറിയുടെ ചുമതല വഹിച്ചിരുന്ന മൂന്നാർ വൈൽഡ് ലൈഫ് വാർഡൻ, ശ്രീ.പി.യു.സാജു. , റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ.അഗസ്റ്റിൻ ജോസഫ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.പി.പ്രസാദ്, സെക്ഷൻ ഫോറസ്റ്റർ ശ്രീ.കെ.എം. സഹദേവൻ എന്നിവരും ഈ വിഷയം സംബന്ധിച്ച് ശരിയായ അന്വേഷണം നടത്താതെ മരംമുറി ശരിവച്ചുകൊണ്ടുള്ള റിപ്പോർട്ട് നൽകിയ കോതമംഗലം ഫ്ലൈയിംഗ് സ്ക്വാഡ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.ടി.സനിൽകുമാറും ടി മരംമുറിയ്ക്ക് ഒത്താശ ചെയ്തു കൊടുത്തതായി, രേഖകളും, സ്ഥലങ്ങളും പരിശോധിച്ചതിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടിയാന്മാർക്കെതിരെ കർശന അച്ചടക്ക നടപടി എടുക്കേണ്ടതായിട്ടുണ്ടെന്നും ടിയാന്മാർ സർവ്വീസിൽ തുടരുന്നത് പൊതുജന താൽപ്പര്യത്തിന് ഉചിതമല്ലെന്നും പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് പരാമർശം (1) പ്രകാരം റിപ്പോർട്ട് ചെയ്തു.

3) റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ സർവ്വശ്രീ.അഗസ്റ്റിൻ ജോസഫ്, ടി.സനിൽകുമാർ, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എം.പി.പ്രസാദ് എന്നിവരെ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) & ചീഫ് വൈൽഡ് ലൈഫ് വാർഡനും, സെക്ഷൻ ഫോറസ്റ്റർ ശ്രീ.കെ.എം. സഹദേവനെ പരാമർ ശം (3) പ്രകാരം ഡി&പി വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും അച്ചടക്ക നടപടിയ്ക്ക് വിധേയമായി സസ്പെന്റ് ചെയ്തു. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററായ ശ്രീ.പി.യു.സാജുവിനെ പരാമർശം (4) പ്രകാരം സർക്കാർ സസ്പെന്റ് ചെയ്യുകയും, മേൽ വിഷയത്തിൽ അന്വേഷണം വിജിലൻസ് വകുപ്പിന് കൈമാറണമെന്ന ആവശ്യം, ഹൈലെവൽ കമ്മിറ്റി മുമ്പാകെ പരിഗണനയ്ക്ക് വയ്ക്കുന്നതിലേയ്ക്കായി റവന്യൂ വകുപ്പിന് കൈമാറുകയും ചെയ്യുകയുണ്ടായി.

4) പ്രസ്തുത വിഷയത്തിൽ, ശ്രീമതി.നിവേദിത പി. ഹരൻ തലവനായ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ 16.02.2015 ലെ സ.ഉ.(എം.എസ്)നം.69/2015/റവന്യൂ പ്രകാരം അംഗീകരിച്ച് ഉത്തരവായി. പ്രസ്തുത അന്വേഷണ റിപ്പോർട്ടിൽ 58-ാം ബ്ലോക്കിൽപ്പെടുന്ന പ്രദേശമൊന്നാകെ വന്യമൃഗ സങ്കേതമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, വൈൽഡ് ലൈഫ് ആക്ട് സെക്ഷൻ 19 പ്രകാരം കൈവശക്കാരുടെ അവകാശം സ്ഥിരപ്പെടുത്താതെ, മരംമുറിക്ക് അനുവാദം നൽകിയ ആർ.ഡി.ഒ./സബ് കളക്ടറുടെ നടപടി തീർത്തും ക്രമവിരുദ്ധമാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5) ശ്രീ.അഗസ്റ്റിൻ ജോസഫ് 31.03.2015 ന് സർവ്വീസിൽ നിന്ന് വിരമിക്കുന്നതിനാൽ അച്ചടക്ക നടപടിയ്ക്ക് വിധേയമായി ടിയാനെ പരാമർശം (5) പ്രകാരം സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും പരാമർശം (6) പ്രകാരം സർക്കാർ തലത്തിൽ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു.

6) തുടർന്ന് കർശന അച്ചടക്ക നടപടിയ്ക്ക് വിധേയമായി സസ്പെൻഷനിലായിരുന്ന ശ്രീ.പി.യു.സാജുവിനെ പരാമർശം ( 7 ) പ്രകാരവും സർവ്വശ്രീ.എം.പി.പ്രസാദ്, ടി.സനിൽകുമാർ, കെ.എൻ.സഹദേവൻ എന്നിവരെ യഥാക്രമം പരാമർ ശം (8), (9), (10) പ്രകാരവും സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചു. ഇവർക്കെതിരെ പരാമർ ശം (11) പ്രകാരം താഴെപ്പറയുന്ന ചാർജ്ജുകൾക്ക് കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രവും/ കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 18(1) പ്രകാരം വന്യജീവി സംരക്ഷണ കേന്ദ്രമായി 06.10.2006-ൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ഇടുക്കി ജില്ലയിലെ കുറിഞ്ഞിമല വന്യജീവി സങ്കേതത്തിൽ ഉൾപ്പെട്ട കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിൽപ്പെടുന്ന സ്ഥലത്തെ യൂക്കാലി മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ഒത്താശ ചെയ്തു കൊടുത്തു. പട്ടയ സ്ഥലം ഏതെന്ന് ഫീൽഡിൽ വ്യക്തമായി മനസ്സിലാക്കാൻ അടിസ്ഥാന രേഖകളോ സർവ്വെ സ്കെച്ചുകളോ ഇല്ലെന്നിരിക്കെ 06.10.2006 ലെ വിജ്ഞാപനത്തിലെ വന്യജീവി സങ്കേതത്തിന്റെ പരിധിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നും കോടതിവിധിയുടെ അടിസ്ഥാനത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ പുറപ്പെടുവിച്ച തെറ്റായ ഉത്തരവിന്റെ മറവിൽ യൂക്കാലി മരങ്ങൾ മുറിച്ച് മാറ്റുവാൻ വനം വകുപ്പ് ഉദ്യോഗസ്ഥർ റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി കൂട്ടുചേർന്നു. പരാതി അന്വേഷിച്ച് മരം മുറി ശരി വച്ചു കൊണ്ടുള്ള തെറ്റായ റിപ്പോർട്ട് നൽകുക വഴി മരം മുറിച്ച് മാറ്റുന്നതിന് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുമായി കൂട്ടുചേർന്നു. മരം മുറിക്കാനുള്ള സ്ഥലം റവന്യൂ വകുപ്പ് അധികൃതർ കാണിച്ചുതന്നു എന്ന വ്യാജേന മരം മുറിക്കാൻ അനുമതി നൽകി. കൊട്ടക്കമ്പൂർ, വട്ടവട വില്ലേജുകളിൽ നിന്ന് സ്കെച്ചുകൾ ലഭ്യമാക്കുകയോ, ഏതെങ്കിലും റവന്യൂ ഓഫീസർമാരുമായി സ്ഥല പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. ഒരിക്കൽപ്പോലും പ്രസ്തുത ഉത്തരവിൽ പറഞ്ഞ സ്ഥലങ്ങൾ സന്ദർശിക്കുകയോ, പരിശോധന നടത്തുകയോ ചെയ്തില്ല. തെറ്റായ ഉത്തരവിന്റെ മറവിൽ ഏതാണെന്ന് തിട്ടപ്പെടുത്താൻ കഴിയാത്ത സ്ഥലത്ത് നിന്നും മരം മുറിക്കാൻ കൂട്ടുനില്ക്കുക വഴി സർക്കാർ സ്വത്ത് നഷ്ടപ്പെടുന്നതിന് ഒത്താശ ചെയ്തു കൊടുക്കുകയും അതുവഴി ടിയാന്മാർ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തുകയും ചെയ്തു.

7) കുറ്റാരോപിതർ പരാമർശം (12) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികകൾ തൃപ്തികരമല്ലായെന്ന് അഡിഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) അറിയിച്ചതിനെ തുടർന്ന് ഈ വിഷയത്തിൽ പരാമർശം (13), (14), (15) പ്രകാരം ഔപചാരികാന്വേഷണത്തിന് ഉത്തരവായി.

8) ഔപചാരികാന്വേഷണ റിപ്പോർട്ട് അഭിപ്രായ സഹിതം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) പരാമർ ശം (16 ) പ്രകാരം ലഭ്യമാക്കി. ഔപചാരികാന്വേഷണത്തിൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ ശ്രീ.പി.യു.സാജുവിനെതിരെയുള്ള 3-ാമത്തേയും റിട്ടയേർഡ് റെയിഞ്ച് ഫോറസ്റ്റാഫീസർ ശ്രീ.അഗസ്റ്റിൻ ജോസഫിനെതിരെയുള്ള 2-ാമത്തെയും ശ്രീ.എം.പി.പ്രസാദ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റാഫീസറിനെതിരെയുള്ള 2-ഉം 3-ഉം ശ്രീ.കെ.എൻ.സഹദേവൻ സെക്ഷൻ ഫോറസ്റ്റാഫീസറുടെ 3-ാമത്തെയും ചാർജ്ജുകൾ തെളിഞ്ഞതായി കണ്ടെത്തി. എന്നാൽ ശ്രീ.ടി.സനിൽകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ചാർജെടുക്കും മുൻപാണ് മരം മുറി നടന്നതെന്നതിനാൽ ടിയാനെതിരെയുള്ള ചാർജ്ജുകളൊന്നും തെളിഞ്ഞിട്ടില്ലായെന്ന് റിപ്പോർട്ട് ചെയ്തു.

9) സർക്കാർ അന്വേഷണ റിപ്പോർട്ട് വിശദമായി പരിശോധിച്ചു. 1972 -ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ സെക്ഷൻ 18(1) പ്രകാരം സർക്കാർ കുറിഞ്ഞിമല വന്യജീവി സങ്കേതത്തിനുള്ള പ്രാഥമിക വിജ്ഞാപനം ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ കൊട്ടക്കാമ്പൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 5 8 ലെയും വട്ടവട വില്ലേജിലെ ബ്ലോക്ക് നമ്പർ 6 2 ലെയും നിയമാനുസൃത പട്ടയങ്ങളെ ഒഴിവാക്കിയാണ് പുറപ്പെടുവിച്ചത്. കൂടാതെ വന്യജീവി സങ്കേതത്തിൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയിന്മേലുള്ള നിയമാനുസൃത അവകാശങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 18 (ബി) പ്രകാരം ഓതറൈസ്ഡ് ഓഫീസറായി ദേവികുളം റവന്യൂ ഡിവിഷണൽ ഓഫീസറെ നിയമിക്കുകയും ചെയ്തു. എന്നാൽ റവന്യൂ ഡിവിഷണൽ ഓഫീസർ കുറിഞ്ഞിമല സാങ്ച്വറിയായി പ്രഖ്യാപനം ചെയ്ത ഭൂമി സെറ്റിൽമെന്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി അളന്ന് തിരിച്ച് അതിരുകൾ നിർണ്ണയിച്ച് വനം വകുപ്പിന് കൈമാറിയിട്ടില്ലാത്തതാണ്.

10) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 22.02.2011 ലെ WP (C) No. 5257/2011 (F) ഉത്തരവിന്റെ വെളിച്ചത്തിൽ ദേവികുളം ആർ.ഡി.ഒ. സ്ഥലം പരിശോധിച്ച് പട്ടയ ഭൂമിയിൽ നിന്നും മരം മുറിക്കുന്നതിനുള്ള ഉത്തരവ് നല്കുന്നതിന് മുന്നോടിയായി, വനം വകുപ്പുമായി ബന്ധപ്പെട്ട് പ്രസ്തുത ഭൂമിയുടെ സർവ്വേ നടത്തിയതായോ മറ്റു നടപടിക്രമങ്ങൾ സ്വീകരിച്ചതായോ കാണുന്നില്ല. അതിനാൽ ടി വന്യജീവി സങ്കേതത്തിന്റെ അതിരുകൾ വ്യക്തമായി തിരിച്ച് അതിർത്തി നിർണ്ണയം നടത്തിയിട്ടില്ലാത്തതും ബ്ലോക്കിനകത്തുള്ള സ്ഥലങ്ങൾ സർവ്വേ ചെയ്യാത്തതുമൂലം പട്ടയസ്ഥലം, സർക്കാർ സ്ഥലം, കൈവശക്കാരുടെ സ്ഥലം എന്നിവ എവിടെയാണെന്നറിയാൻ യാതൊരു മാർഗ്ഗവും ഇല്ലാത്തതുമാണ്. ഈ സാഹചര്യത്തിൽ വനം വകുപ്പുദ്യോഗസ്ഥർക്ക് റവന്യൂ ഉദ്യോഗസ്ഥരുടെ റിപ്പോർട്ടുകളും സാക്ഷ്യപത്രങ്ങളും മറ്റും കൂടുതലായി ആശ്രയിക്കേണ്ടി വരുന്നു.

11) റവന്യൂ ഡിവിഷണൽ ഓഫീസർ പരിശോധിച്ച് പട്ടയഭൂമിയാണെന്ന് ബോധ്യപ്പെട്ടാൽ മരം മുറിയ്ക്കാൻ അനുമതി നൽകാനും പ്രസ്തുത കോടതി ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത ഉത്തരവിൽ പട്ടയ വസ്തുവിൽനിന്ന് മാത്രമാണ് മരങ്ങൾ മുറിക്കേണ്ടത് എന്നും മരങ്ങൾ മുറിച്ചു മാറ്റുന്നതിന് മുൻപ് തഹസിൽദാർ ബന്ധപ്പെട്ട വനം വകുപ്പുദ്യോഗസ്ഥരുമായി പരിശോധന നടത്തേണ്ടതെന്നും പ്രസ്തുത കോടതി ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു. ടി വിധിന്യായത്തിന്റെ മറവിൽ പട്ടയഭൂമികൾ ഏതെന്ന് തിരിച്ചറിയാൻ വ്യക്തമായ രേഖകൾ ഇല്ലെന്നിരിക്കെ 2013-ൽ നൽകിയ അപേക്ഷകളിൽ പട്ടയവസ്തുക്കളിൽ നിന്നും യൂക്കാലി മരങ്ങൾ മുറിച്ചുമാറ്റുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ, ദേവികുളം ഉത്തരവായിരുന്നു.

12) 06.10.2006 ലെ വിജ്ഞാപന പ്രകാരം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കപ്പെട്ട ഭൂമി 1 1 വർഷങ്ങൾക്കിപ്പുറവും സെറ്റിൽമെന്റ് നടത്തി, അതിർത്തി നിശ്ചയിച്ച് വനം വകുപ്പിന് കൈമാറിയിട്ടില്ലാത്തതാണ്. എന്നിരുന്നാലും വനം വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ അല്ല മരം മുറിക്കുന്നത് എന്ന് ഉറപ്പുവരുത്തുക എന്ന ഉത്തരവാദിത്വം വനം വകുപ്പ് ഉദ്യോഗസ്ഥർക്കുണ്ടായിരുന്നു. ഔപചാരികാന്വേഷണത്തിൽ ചാർജ്ജുകളൊന്നും തെളിഞ്ഞിട്ടില്ലാത്ത ശ്രീ.ടി.സനിൽ കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ പൂർണ്ണമായി കുറ്റവിമുക്തനാക്കിക്കൊണ്ടും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ് വനം വകുപ്പുദ്യോഗസ്ഥർ മരം മുറിയ്ക്ക് അനുവാദം നൽകിയെന്നതും നിയമാനുസൃതമായി വന്യജീവി സങ്കേതത്തിന്റെ അതിർത്തി നിർണ്ണയിച്ചിട്ടില്ലാത്തതിനാലും സർക്കാർ നഷ്ടം സംഭവിച്ചിട്ടുണ്ടോയെന്ന് നിർണ്ണയിക്കുവാൻ സാധിക്കാത്തതിനാലും വിരമിച്ച റെയിഞ്ച്

ഫോറസ്റ്റ് ഓഫീസർ ശ്രീ.അഗസ്റ്റിൻ ജോസഫിനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ചുകൊണ്ടും സർവ്വീസിൽ തുടരുന്ന സർവ്വശ്രീ.പി.യു.സാജു, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, എം.പി. പ്രസാദ്, ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ, കെ.എൻ.സഹദേവൻ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് ഔദ്യോഗിക കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനും "ശാസന" നൽകിക്കൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

13) മേൽ ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ കാലം ക്രമീകരിക്കേണ്ട നടപടികൾ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തലത്തിൽ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.പി.യു.സാജു, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,

ശ്രീ.അഗസ്റ്റിൻ ജോസഫ്, റെയിഞ്ച് ഓഫീസർ (റിട്ട),

ശ്രീ.റ്റി.സനിൽകുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,

ശ്രീ.എം.പി.പ്രസാദ് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ,

ശ്രീ.കെ.എൻ.സഹദേവൻ, സെക്ഷൻഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ